# ഇനി മുതൽ ആപൽ ഘട്ടങ്ങളിൽ ആംബുലൻസ് സേവനം സൗജന്യം

എറണാകുളം റൂറൽ ജില്ലാ പോലീസിൻെറ ആദിമുഖ്യത്തിൽ, എറണാകുളം അമൃത ആശുപത്രിയുടേയും (AIMS) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻേറയും (IMA) സഹകരണത്തോടെ നേതൃത്വത്തിൽ, ആംബുലൻസ് ഡ്രൈവർമാർക്കും പോലീസ് ഉദ്യോഗസ്ഥർക്കുമായി ട്രോമാ ആൻറ് എമർജൻസി കെയർ പരിശീലന ക്ലാസ് നടത്തി.

എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാന ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ഇന്ന് (14.03.2018) തീയ്യതി 10 മണി മുതൽ 1 മണി വരെ നടന്ന പരിശീലന ക്ലാസ് ബഹു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ് ഉൽഘാടനം ചെയ്തു.

IMA Midzone VP ഡോ: എം.എൻ മേനോൻ അദ്ധ്യക്ഷനായ ചടങ്ങിൽ INTEC, IMA ജില്ലാ ചെയർമാൻ ഡോ: ബീന.കെ.വി സ്വാഗതവും INTEC, IMA സ്റ്റേറ്റ് ചെയർമാൻ ഡോ: ശ്രീജിത് എൻ കുമാർ മുഖ്യപ്രഭാഷണവും നടത്തി.

എറണാകുളം AIMS ലെ ഡോക്ടർമാരായ മനു, വിഷ്ണു എന്നിവർ ക്ലാസ് നയിച്ചു. കൂടാതെ എറണാകുളം റൂറൽ ജില്ലാ അഡ്മിനിസ്ട്രേഷൻ ഡിവൈഎസ്പി ശ്രീ. എൻ.ആർ.ജയരാജ്, INTEC സ്റ്റേറ്റ് ജോ:സെക്രട്ടറി ഡോ: പ്രകാശ് എം.സി.ജെ, ജില്ലാ ചെയർമാൻ ഡോ: ദിനീശ് എൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

എറണാകുളം റൂറൽ ജില്ലയിലെ ആംബുലൻസ് ഡ്രൈവർമാരും പോലീസ് ഉദ്യോഗസ്ഥരും ഉൾപ്പടെ 200-ഓളം പരിശീലന ക്ലാസിൽ പങ്കെടുത്തു.

എറണാകുളം ജില്ലയിൽ ഇനി മുതൽ അടിയന്തിര ഘട്ടങ്ങളിൽ അപകടസ്ഥലത്തു നിന്നും തൊട്ടടുത്ത ആശുപത്രിയിലേക്കുള്ള ആംബുലൻസ് സേവനം സൗജന്യമായിരിക്കുമെന്ന് ആംബുലൻസ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

**7593822107** എന്ന നമ്പറിൽ ബന്ധപ്പെട്ടാൽ എറണാകുളം ജില്ലയിലെ സൗജന്യ ആംബുലൻസ് സേവനം ലഭ്യമാകും.




Dr
INTEC
Emergency Care.
POLICE OFFICE

